**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4460** **06-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിനു കീഴിൽ, മലപ്പുറം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനിൽ ദ്യുതി – 1, പദ്ധതിയിൽ ഉൾപ്പെടുത്തി 20 കി.മീ. ലൈൻ റീ കണ്ടക്ടറിംഗ് പ്രവൃത്തിയും, ഒരു പുതിയ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്. ഊരകം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ അപ്പക്കാട് എന്ന സ്ഥലത്ത് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പ്രസരണ വിഭാഗത്തിന്റെ കീഴിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ മലപ്പുറം 110 kV Gas Insulated Substation (GIS) ന്റെ നിർമ്മാണം ആണ് നിലവിൽ നടന്നു വരുന്ന പ്രവൃത്തി.<br>ഇതിൽ സബ്സ്റ്റേഷന്റെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. GISന്റെ ഉപകരണങ്ങൾക്ക് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2024-25 സാമ്പത്തിക വർഷം സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീ ഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ; | (ബി) | മലപ്പുറം നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി അത്താണിക്കൽ, മുസ്ലിയാർ പീടിക, ചെരിച്ചിയിൽ, വെള്ളൂർ, കണ്ടിക്കുന്ന് എന്നീ പ്രദേശങ്ങളിൽ 2.08 കി.മീ. എൽ.ടി. സിംഗിൾ ഫെയ്സ് ടു ത്രീ ഫെയ്സ് കൺവെർഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ദ്യുതി – 2 ന്റെ ഭാഗമായി പൂക്കോട്ടൂർ - പള്ളിപ്പടി, പൂക്കോട്ടൂർ - പള്ളിമുക്ക് എന്നീ പ്രദേശങ്ങളിൽ രണ്ട് 100 കെ.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും, പൂക്കോട്ടൂർ ടൗൺ മുതൽ മുണ്ടിതൊടിക ഭാഗത്തേക്ക് 0.6 കി.മീ. എച്ച്.ടി. ലൈൻ വലിക്കുന്ന പ്രവൃത്തിയുടെ നടപടികളും ആരംഭിച്ചിട്ടുണ്ട്. മലപ്പുറം |

| | | | |
|---|---|---|---|
| | | | ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ 20 കി.മീ. റീ കണ്ടക്റ്ററിംഗ് പ്രവൃത്തിയും, പുതുതായി ഒരു 100 കെ.വി.എ. ട്രാൻസ്‌ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കിയിട്ടുണ്ട്. ഊരകം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ അപ്പക്കാട് എന്ന സ്ഥലത്ത് 100 കെ.വി.എ. ട്രാൻസ്‌ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ മുൻഗണന പ്രാധാന്യം അനുസരിച്ച് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദേശം നൽകുമോ? | (സി) | മലപ്പുറം നിയോജക മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി അത്താണിക്കൽ, മുസ്ലിയാർ പീടിക, ചെരിച്ചിയിൽ, വെള്ളൂർ, കണ്ടിക്കുന്ന് എന്നീ പ്രദേശങ്ങളിൽ 2.08 കി.മീ. എൽ.ടി. സിംഗിൾ ഫെയ്സ് ടു ത്രീ ഫെയ്സ് കൺവെർഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ദ്യുതി – 2 ന്റെ ഭാഗമായി പൂക്കോട്ടൂർ - പള്ളിപ്പടി, പൂക്കോട്ടൂർ - പള്ളിമുക്ക് എന്നീ പ്രദേശങ്ങളിൽ രണ്ട് 100 കെ.വി.എ. ട്രാൻസ്‌ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും, പൂക്കോട്ടൂർ ടൗൺ മുതൽ മുണ്ടിതൊടിക ഭാഗത്തേക്ക് 0.6 കി.മീ. എച്ച്.ടി. ലൈൻ വലിക്കുന്ന പ്രവൃത്തിയുടെ നടപടികളും ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ 20 കി.മീ. റീ കണ്ടക്റ്ററിംഗ് പ്രവൃത്തിയും, പുതുതായി ഒരു 100 കെ.വി.എ. ട്രാൻസ്‌ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കിയിട്ടുണ്ട്. ഊരകം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ അപ്പക്കാട് എന്ന സ്ഥലത്ത് 100 കെ.വി.എ. ട്രാൻസ്‌ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ മുൻഗണന പ്രാധാന്യം അനുസരിച്ച് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ